(ഡി&ഇ) ത്രിവിക്രമ മംഗലം ദേവസ്വം വക മുടവൻമുകളിലുള്ള വസ്തുവിലെ കൈയ്യേറ്റം ഹൈക്കോടതി ഉത്തരവിലൂടെ ഒഴിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. ഇവിടെ തെങ്ങിൽ നിന്നും മറ്റ് ഫലവൃക്ഷങ്ങളിൽ നിന്നും ആദായം ലഭിക്കുന്നുണ്ട്.

തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ

226 (434) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിനുകീഴിൽ എത്ര ക്ഷേത്രങ്ങളുണ്ട് ;

(ബി) പ്രസ്തുത ക്ഷേത്രങ്ങളിൽ സാമ്പത്തികമായി സ്വയംപര്യാപ്തമായ ക്ഷേത്രങ്ങൾ ഏതെല്ലാമാണ് ;

(സി) പ്രസ്തുത ക്ഷേത്രങ്ങളുടെ വാർഷിക അറ്റകുറ്റപ്പണിയുടെ ചുമതല നിക്ഷിപ്തമായിരിക്കുന്നത് ആരിലാണ് ;

(ഡി) സാമ്പത്തികമായി സ്വയം പര്യാപ്തമല്ലാത്ത ക്ഷേത്രങ്ങളുടെ വാർഷിക അറ്റകുറ്റപ്പണി ദേവസ്വം ബോർഡിന്റെ ചെലവിൽ ചെയ്യുന്നതിനു വേണ്ട അനന്തര നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) 1206 ക്ഷേത്രങ്ങൾ

(ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) അതാതു ക്ഷേത്രങ്ങളിലെ ഉപദേശക സമിതി നിർവ്വഹിക്കണമെന്നുള്ളതാണ് ദേവസ്വം ബോർഡിന്റെ നിലവിലെ തീരുമാനം.

(ഡി) ബോർഡിന്റെ ഇപ്പോഴത്തെ സാമ്പത്തിക നിലയനുസരിച്ച് ഇക്കാര്യം പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്. എന്നാൽ ഇത്തരം ക്ഷേത്രങ്ങളിലെ അത്യാവശ്യം മരാമത്ത് പണികൾ ബോർഡ് ചെയ്യുന്നുണ്ട്.

മലബാർ ദേവസ്വം ബോർഡിനു കീഴിൽ പെൻഷൻ അനുവദിച്ചവരുടെ വിശദവിവരം

227(435) <u>ശ്രീ. സി. കെ. പി. പത്മനാഭൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതിയതായി രൂപീകരിച്ച മലബാർ ദേവസ്വം ബോർഡിൽ എത്ര ക്ഷേത്രങ്ങൾ ഉൾപ്പെടുത്തപ്പെട്ടിട്ടുണ്ട് ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) എത്ര ക്ഷേത്ര ജീവനക്കാർക്ക് പെൻഷൻ അനുവദിച്ചിട്ടുണ്ട് ;

(സി) പെൻഷൻ അനുവദിക്കപ്പെട്ട തളിപ്പറമ്പ് നിയോജകമണ്ഡലത്തിലെ ക്ഷേത്രങ്ങളിലെ ജീവനക്കാരുടെ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) മലബാർ ദേവസ്വം ബോർഡിനു കീഴിൽ നിലവിൽ 1864 ക്ഷേത്രങ്ങൾ ഉണ്ട്.

(ബി) 1. പെൻഷൻ ഗ്രാറ്റുവിറ്റി - 344

2. കുടുംബ പെൻഷൻ - 123

3. അവശത പെൻഷൻ - 32

ആകെ - 499

(സി) പെൻഷൻ അനുവദിക്കപ്പെട്ട ജീവനക്കാരുടെ വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

മലബാർ ദേവസ്വം ബോർഡിന്റെ ധനസഹായം

228(436) ശ്രീ. പി. വിഷ്ണു : താഴെ കാണുന്ന ചോദ്യത്തിന് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ചേമഞ്ചേരി, ചെങ്ങോട്ടുകാവ്, മൂടാടി, തിക്കോടി, പയ്യോളി, തുറയൂർ, കീഴരിയൂർ ഗ്രാമപഞ്ചായത്തുകളിലേയും കൊയിലാണ്ടി നഗരസഭയിലേയും ക്ഷേത്രങ്ങൾക്ക് മലബാർ ദേവസ്വം ബോർഡ് മുഖേന എത്ര രൂപ ധനസഹായം നൽകി. ഏതെല്ലാം ക്ഷേത്രങ്ങൾക്കാണ് ധനസഹായം നൽകിയത് ; ഓരോ ക്ഷേത്രത്തിനും നൽകിയ തുക എത്രയെന്ന് വിശദമാക്കുമോ ?

ഉത്തരം

ചേമഞ്ചേരി, ചെങ്ങോട്ടുകാവ്, മൂടാടി, തിക്കോടി, പയ്യോളി, തുറയൂർ, കീഴരിയൂർ എന്നീ ഗ്രാമപഞ്ചായത്തുകളിലേയും കൊയിലാണ്ടി നഗരസഭയിലേയും 28 ക്ഷേത്രങ്ങൾക്ക് മലബാർ ദേവസ്വം ബോർഡ് മുഖേന ഗ്രാന്റ് അനുവദിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ഉത്തരമലബാറിലെ ക്ഷേത്രസ്ഥാനികർക്ക് സാമ്പത്തികാനുകൂല്യങ്ങൾ അനുവദിക്കുന്നതിനുള്ള നടപടി

229(437) ശ്രീ. പള്ളിപ്രം ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ദേവസ്വവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഉത്തരമലബാറിലെ ക്ഷേത്രസ്ഥാനികർക്ക് സാമ്പത്തിക ആനുകൂല്യങ്ങൾ അനുവദിക്കുന്നതിൽ അപാകതയുണ്ടെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly